പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1877 08.06.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ബസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.- ക്ക് നിലവിൽ എത്ര ബസുകൾ ഉണ്ടെന്ന് അറിയിക്കുമോ; | (എ) | 6387 ബസ്സുകൾ ഉണ്ട്. |
| (ബി) | പ്രസ്തുത ബസുകളിൽ കട്ടപ്പുറത്തുള്ളവയുടെ വിവരം നൽകുമോ; | (ബി) | 01.06.2018 ലെ കണക്കുപ്രകാരം 744 ബസ്സുകൾ വിവിധ അറ്റകുറ്റ പണികൾക്കായും ടയറിന്റെ ദൗർലഭ്യം മൂലവും ഡോക്കിലാണ്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പുതിയ ബസുകൾ നിരത്തിലിറക്കിയെന്ന് അറിയിക്കുമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 763 ബസ്സുകൾ പുതുതായി നിരത്തിലിറക്കിയിട്ടുണ്ട്. |
| (ഡി) | ഡ്രൈവർമാരും കണ്ടക്ടർമാരും ഇല്ല എന്ന കാരണത്താൽ കെ.എസ്.ആർ.ടി.സി.- ക്ക് എത്ര പുതിയ ബസുകൾ നിരത്തിലിറക്കാനാകുന്നില്ല എന്ന് വിശദമാക്കുമോ? | (ഡി) | നിലവിലുള്ള പുതിയ ബസുകളെല്ലാം നിരത്തിൽ ഇറക്കിയിട്ടുണ്ട്. ഡ്രൈവർമാരുടെയും കണ്ടക്ടർമാരുടെ കുറവ് പുതിയ ബസുകൾ നിരത്തിലിറക്കുന്നതിനെ ഒട്ടും ബാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ